# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1095 — 28.04.2017-ലെ മറുപടി

### തലശ്ശേരി താലൂക്കിൽ വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുടെ കുറവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ. എൻ. ഷംസീർ : | മാത്യു ടി. തോമസ് (ജലവിഭവ വകുപ്പ് മന്ത്രി) |
| എ) തലശ്ശേരി താലൂക്കിന് കീഴിലുള്ള വാട്ടർ അതോറിറ്റി ഓഫീസുകളിൽ ജീവനക്കാരുടെ എണ്ണം കുറവായതിനാലും, മസ്ദൂർ തസ്തിക ഇല്ലാത്തതിനാലും അത്യാവശ്യ ഘട്ടങ്ങളിൽ പോലും മെയിന്റനൻസ് പ്രവൃത്തികൾ നടക്കാത്ത സാഹചര്യത്തിൽ കുടിവെള്ളം പാഴായിപ്പോകുന്ന നിലവിലെ സ്ഥിതിയിൽ, വാട്ടർ അതോറിറ്റിയിൽ ജീവനക്കാരുടെ കുറവ് നികത്തുകയും, ആവശ്യത്തിന് മസ്ദൂർ തസ്തിക സൃഷ്ടിക്കുകയും ചെയ്യുന്ന കാര്യത്തിൽ വേണ്ട നടപടികൾ സ്വീകരിക്കുമോ? | എ) കേരള വാട്ടർ അതോറിറ്റിയിൽ മെയിന്റനൻസ് പ്രവൃത്തികൾ നിലവിൽ കരാറുകാർ മുഖേനയാണ് നടത്തി വരുന്നത്. കൂടാതെ ജില്ലാതല ബ്ലൂ ബ്രിഗേഡ് സംവിധാനവും ഉപയോഗപ്പെടുത്തി വരുന്നു. നിലവിലെ മസ്ദൂർ തസ്തികകൾ ഉപയോഗിച്ച് കുടിവെള്ള ചോർച്ചയുള്ള സ്ഥലങ്ങളിൽ ലൈൻ അടച്ച് ജല നഷ്ടം ഒഴിവാക്കി വരുന്നുണ്ട്. തലശ്ശേരി താലൂക്ക് ഉൾപ്പെടുന്ന ഉത്തരമേഖല ചീഫ് എഞ്ചിനീയർ കാര്യാലയത്തിനു കീഴിൽ 5 മസ്ദൂർ തസ്തികകൾ നിലവിലുണ്ടെങ്കിലും ഒരു സ്ഥിരം ജീവനക്കാരൻ മാത്രമേ നിലവിലുള്ളൂ. ഇങ്ങനെ ഒഴിഞ്ഞു കിടക്കുന്ന മസ്ദൂർ തസ്തികകളിൽ താൽക്കാലിക അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഒഴിവുകൾ നികത്തി അത്യാവശ്യ ഘട്ടങ്ങളിൽ ഉപയോഗപ്പെടുത്തി വരുന്നുണ്ട്. ജീവനക്കാരുടെ കുറവ് നികത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

Renuka Sankar
സെക്ഷൻ ഓഫീസർ